6. NON-OFFICIAL RESOLUTIONS

(1) Penalising Theendal—Proclamation—issue of

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്റെ റസല്യൂഷൻ ഇതാണ്. "This Council recommends to Government to penalise Theendal by a Royal Proclamation". ഇതിനെ സംബന്ധിച്ചു ഗവമ്മെണ്ടു ഒരു ബിൽ കൊണ്ടുവരാമെന്നു കഴിഞ്ഞ മേടം കൌൺസിലിൽവെച്ചു പറയുകയുണ്ടായി. അതുകൊണ്ടു ഇതിനെ സംബന്ധിച്ചു ഗവമ്മെണ്ടു ഇതേവരെ എടുത്തിട്ടുള്ള നടപടി എന്താണു് എന്നു അറിഞ്ഞതിനുശേഷം ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാമെന്നാണു് വിചാരിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബില്ലു് തയ്യാറായിട്ടുണ്ടു്. ഇത്തവണയിലെ അജണ്ടയിൽ പല ബില്ലുകളും കൊള്ളിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇതു മൂവു ചെയ്യാൻ സാധിച്ചില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവമ്മെണ്ടു അടുത്തുതന്നെ ഒരു ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതുകൊണ്ടു് ഞാൻ ഈ പ്രമേയം ഇവിടെ മൂവു ചെയ്യുന്നില്ല.

Resolution not moved

(2) Grant of Educational Concessions to Arayas

മിസ്റ്റർ കെ. എ. രാഘവൻ: ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്. "വിദ്യാഭ്യാസത്തിൽ കൊച്ചിയിലെ അരയന്മാരുടെ നിലയെ പരിഗണിച്ചു അരയവിദ്യാർത്ഥികൾക്കു പത്താം ക്ലാസ്സുവരെയെങ്കിലും (പത്താം ക്ലാസ്സുൾപ്പടെ) യുള്ള സകല വിദ്യാഭ്യാസസൌജന്യങ്ങളും അനുവദിച്ചു നൽകണമെന്നു ഈ സഭ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനോടു പ്രാർത്ഥിക്കുന്നു".

സർ, ഈ നാട്ടിലെ ഒരു ന്യൂനപക്ഷസമുദായത്തിന്റെ പ്രാതിനിദ്ധ്യം വഹിക്കുന്ന ഞാൻ കഴിഞ്ഞ നിയമസഭയിലെ ഒരു സമ്മേളനത്തിൽ വിദ്യാഭ്യാസപരമായി ഞങ്ങൾക്കുള്ള അവശതകളുടെ പരിഹാരാർത്ഥം വിദ്യാഭ്യാസ സംബന്ധമായ എന്തെങ്കിലും ആനുകൂല്യങ്ങൾ തരണമെന്നു അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു പ്രമേയം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട സഭ സദയം അതു പാസ്സാക്കി തരുകയുമുണ്ടായി. എന്നാൽ മഹാരാജാവു തിരുമനസ്സിലെ അനുകമ്പയും, അനുഭാവവും അതിന്മേൽ ഉണ്ടാകാനുള്ള ഭാഗ്യം എന്റെ സമുദായത്തിന്നില്ലാതെപോയി എന്നും തന്മൂലം എന്റെ സമുദായം പ്രതീക്ഷിക്കാത്ത ഒരടിയേറുപോലെ തീവ്രമായ മനോവേദനയിൽ ആണ്ടിരിക്കുകയാണു എന്നുള്ള വസ്തുത ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഞങ്ങളുടെ സാമ്പത്തിക സ്ഥിതി പരമാർത്ഥം പറയുകയാണെങ്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്ന അധഃകൃതരെക്കാൾ വളരെ വളരെ താഴ്ന്നതാണു എന്നുള്ളതു് ഒരു നഗ്നസത്യം മാത്രമാണു്. അരയസമുദായത്തിൽ വിദ്യാഭ്യാസം സിദ്ധിച്ചവരുടെ കണക്കെടുത്തു നോക്കിയാൽ ഈ കാര്യത്തിൽ ഞങ്ങളുടെ നില വളരെ കഷ്ടമാണെന്നു കാണാം. ഈ വിവരങ്ങൾ മുമ്പാകെഇരിക്കുമ്പോൾഇതനുസരിച്ചല്ലാതെ മറെറാരുവിധത്തിലുള്ള തീരുമാനം വരുത്തുന്നതു ഞങ്ങൾക്കു് ദുസ്സഹമായ മനോവേദന ഉണ്ടാക്കുന്ന സംഗതിയാണു്. സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം,ഞങ്ങൾ അധഃകൃതരെക്കാൾ അധഃപതിക്കപ്പെട്ട നിലയിലാണു്ഇരിക്കുന്നതു എന്നു കാണാം. ഭയങ്കരമായ കടൽകോളുകളേയും, കൊടുങ്കാറുകളേയും വകവെക്കാതെ ജീവനെപ്പോലും തൃണവൽഗണിച്ചു സമുദ്രത്തോടു ഘോരസമരം നടത്തിയാണു് ഞങ്ങളിൽ ഭൂരിഭാഗവും അഹോവൃത്തി കഴിച്ചു കൂട്ടുന്നതു്. കടൽ ദിവസേന ആഹാരം തരുന്ന ഒരു ദാതാവല്ലാത്തതിനാൽ പല ദിവസവും പട്ടിണിയിൽ കഴിഞ്ഞുകൂടേണ്ടിവരുന്നുണ്ടു്. അങ്ങിനെ ഇരിക്കുന്ന സ്ഥിതിക്കു ഞങ്ങൾക്കു ഇന്നത്തെ ദയനീയ സ്ഥിതിയിൽനിന്നു മോചനം നേടണമെങ്കിൽ ഗവമ്മെണ്ടിന്റെ അനുഭാവവും, അവലംബവും കൂടാതെ സാദ്ധ്യമാകുന്നതല്ല. അവശസമുദായങ്ങളുടെ ഉദ്ധാരണം, രാഷ്ട്രത്തിന്റെ അനുപേക്ഷണീയ ധർമ്മങ്ങളായി കരുതപ്പെടുന്ന ഒരു പരിഷ്കൃത ഗവമ്മെണ്ടിനു ഞങ്ങളുടെ ഈ ആവശ്യങ്ങൾ നിവൃഹിക്കാൻ വേണ്ട മഹാമനസ്കത ഉണ്ടാകാതെ മറെറാരു പോംവഴിയും കണ്ടെത്തുവാൻ കഴിയുകയില്ല. അതുകൊണ്ടു് പരമാധികാരം വഹിക്കുന്ന മഹാരാജാവു തിരുമനസ്സിനോടും ഇന്നത്തെ ബഹുമാനപ്പെട്ട ജനകീയ ഗവമ്മെണ്ടിനോടും, ക്യാബിനറിനോടും എന്റെ സമുദായത്തിന്റെ പ്രതിനിധിയെന്ന നിലയിൽ എനിക്കു മിതമായ തോതിൽ അപേക്ഷിക്കുവാനുള്ളതു

LIBRARY ARCHIVES Kerala Legislative Assembly